"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - കൊല്ലം മാലൂർ എം.ഡി.എം.എച്ച്.എസ്.-ലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി അജിതാ ഉമ്മച്ചന്റെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച പുനഃപരിശോധനാ ഹർജ്ജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4017/2025/GEDN തീയതി,തിരുവനന്തപുരം, 19-06-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.7699/2024/പൊവിവ തീയതി 28.10.2024
2. ശ്രീമതി അജതാ ഉമ്മച്ചന്റെ 21.11.2024 തീയതിയിലെ പുനഃപരിശോധനാ ഹർജ്ജി
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.01.2025 തീയതിയിലെ ഇടി5/26655/2024/ഡിജിഇ നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കൊല്ലം മാലൂർ എം.ഡി.എം.എച്ച്.എസ്.-ലെ ശ്രീമതി അജിതാ ഉമ്മച്ചന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 01.06.2016 മുതൽ 28.02.2018 വരെയുള്ള കാലയളവിലെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ സർക്കാരിൽ സമർപ്പിച്ച റിവിഷൻ അപ്പീൽ പരാമർശം (1) പ്രകാരം സർക്കാർ നിരസിക്കുകയുണ്ടായി.

2. ഇതിനെതിരെ ടിയാൾ സർക്കാരിൽ പരാമർശം (2) പ്രകാരം പുനഃപരിശോധനാ ഹർജ്ജി സമർപ്പിക്കുകയുണ്ടായി. ആയതിൽ ആവശ്യപ്പെട്ട പ്രകാരം സർക്കാർ ബന്ധപ്പെട്ടവരെ കേൾക്കുകയുണ്ടായി.

**ഹർജ്ജിക്കാരിയുടെ വാദഗതികൾ ഇപ്രകാരമാണ്**

3. കൊല്ലം ജില്ലയിലെ മാലൂർ എം.ഡി.എം.എച്ച്.എസ്.-ൽ 10.06.2016 മുതൽ 28.02.18 വരെ ഓഫിസ് അറ്റൻഡ് ആയി ജോലി നോക്കിയിരുന്നെങ്കിലും നാളിതു വരെയായി പ്രസ്തുത കാലയളവിലെ ശമ്പളം ലഭിച്ചിട്ടില്ല. പ്രൊമോഷന് അർഹതയുള്ള റൂൾ 43 അവകാശികളെ പരിഗണിക്കാതെയാണ് തന്നെ സ്കൂൾ മാനേജർ നിയമിച്ചത് എന്നതിനാൽ ടി നിയമനം വിദ്യാഭ്യാസ അധികാരികൾ നിരസിക്കുകയുണ്ടായി.

4. യഥാർത്ഥത്തിൽ എഫ്.ടി.എം. തസ്തികയിൽ നിയമനാംഗീകാരം ലഭിക്കാതെ തുടർന്നിരുന്നത് കൊണ്ടാണ് രണ്ട് പേർക്ക് ഓഫീസ് അറ്റൻഡന്റ് ആയി പ്രൊമോഷൻ നൽകാതെ, തന്നെ നേരിട്ട് നിയമിച്ചത്. പ്രസ്തുത 43 അവകാശികളുടെ നിയമനങ്ങൾ പിൽക്കാലത്ത് അംഗീകരിക്കപ്പെടുകയുമുണ്ടായി. താൻ ജോലി ചെയ്ത 01/06/2016 മുതൽ 28/02/2018 വരെ

ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആർക്കും ശമ്പളം നൽകിയിട്ടില്ല. 40% അംഗപരിമിതയായ താൻ ഇപ്പോൾ ശാരീരികമായും സാമ്പത്തികമായും വളരെ ബുദ്ധിമുട്ടിലാണ്. ജോലിക്ക് പോകുന്ന കാലയളവിൽ വളരെ ക്ലേശം സഹിച്ചാണ് പോയിരുന്നത്. ശാരീരിക അസ്വസ്വതകൾ മൂലം ഇപ്പോൾ ജോലിക്ക് പോകുന്നില്ല. ആയതിനാൽ തന്റെ ദയനീയാവസ്ഥ മനസ്സിലാക്കി ജോലി ചെയ്ത കാലയളവിലെ ശമ്പളം ലഭ്യമാക്കണമെന്നാണ് ഹർജ്ജിക്കാരി ആവശ്യപ്പെടുന്നത്.

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വാദം / ഹിയറിംഗ് റിപ്പോർട്ട് ഇപ്രകാരമാണ്.**

5. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിലുള്ള പത്തനാപുരം കോർപ്പറേറ്റ് മാനേജ്മെൻറിൽ ഉൾപെട്ട മാലൂർ എം.ടി.ഡി.എം.എച്ച്.എസ് ൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ തുടർന്നിരുന്ന ശ്രീമതി.മറിയാമ്മ സാമുവലിന് ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി. അജിത ഉമ്മച്ചനെ 10/06/2016 മുതൽ 28/2/2018 വരെ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ മാനേജർ നിയമിച്ചു. എന്നാൽ, കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിലെ ചട്ടം 43 അവകാശികളെ പരിഗണിക്കാതെ നടത്തിയ നിയമനം ആയതിനാൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ഇതിനെതിരെ കോർപ്പറേറ് മാനേജർ നൽകിയ അപ്പീൽ മേൽ സൂചിപ്പിച്ച കാരണത്താലും ഒഴിവ് 3 മാസത്തിൽ അധികരിച്ചതിനാലും ടി സ്കൂൾ പുതിയ സ്കൂളുകളുടെ ഗണത്തിൽപ്പെട്ടതിനാലും കൊല്ലം വിദ്യാഭ്യാസ ഉപ ഡയറകടറും നിരസിച്ച് ഉത്തരവായി.

6. തുടർന്ന് ശ്രീമതി. അജിത ഉമ്മച്ചൻ സർക്കാരിനു നൽകിയ റിവിഷൻ ഹർജ്ജിയും നിരസിക്കപ്പെട്ടു.

7. ചട്ടം 43 അവകാശികളെ പരിഗണിക്കാതെ നടത്തിയിട്ടുള്ള നിയമനം ആയതിനാൽ കൊല്ലം, മാലൂർ എം.ടി.ഡി.എം.എച്ച്.എസ് ൽ ഓഫീസ് അറ്റൻഡന്റ് ആയി 10/06/2016 മുതൽ 28/2/2018 വരെയുള്ള നിയമനം അംഗീകരിക്കണമെന്ന ആവശ്യം പരിഗണിക്കുവാൻ കഴിയില്ലായെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.**

8. ഹർജ്ജിക്കാരി ഓഫീസ് അറ്റൻഡന്റ് ആയി 10/06/2016 മുതൽ 28/2/2018 വരെയുള്ള കാലയളവിൽ ജോലി ചെയ്തിരുന്നു. ടി കാലയളവിൽ മറ്റാർക്കും ശമ്പളാനുകൂല്യങ്ങൾ നൽകിയിട്ടില്ല. റൂൾ 43 അവകാശികളും പ്രസ്തുത കാലയളവിലെ നിയമനത്തിന് നാളിതുവരെ അവകാശം ഉന്നയിച്ചിട്ടില്ല. അവർക്ക് പിൽക്കാലത്ത് നിയമനാംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്

9. മേൽ സാഹചര്യത്തിൽ, റൂൾ 43 അവകാശികൾ പരിത്യാജപത്രം സമർപ്പിക്കുന്ന പക്ഷം ശ്രീമതി. അജിത ഉമ്മച്ചനെ ടിയാൾ 10/06/2016 മുതൽ 28/2/2018 വരെയുള്ള കാലയളവിൽ ജോലി ചെയ്തിരുന്നു എന്നത് പരിഗണിച്ച് ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകാവുന്നതാണെന്ന നിർദ്ദേശം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകി അപ്രകാരം ശ്രീമതി.അജിത ഉമ്മച്ചന്റെ റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

ശ്രീമതി അജിതാ ഉമ്മച്ചൻ, കൊല്ലനഴികത്ത് പടിഞ്ഞാറ്റതിൽ, തേവലപ്പുറം പി.ഒ., പുത്തൂർ, കൊട്ടാരക്കര
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 20-06-2025 10:55:21

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.